# അസോസിയേഷൻ ഓഫ് കേരള ഗവൺമെന്റ് കോളേജ് ടീച്ചേഴ്സ് (എ.കെ.ജി.സി.ടി.)
# സംസ്ഥാന പ്രവർത്തകസമിതിയോഗം SWC 13/2023
# 29.01.2024 എ.കെ.ജി.സി.ടി ഭവൻ

## മിനിട്സ്

**അജണ്ട**

1. സ്വാഗതം
2. അനുശോചനം
3. ജന.സെക്രട്ടറി റിപ്പോർട്ട്
4. ജില്ലാ റിപ്പോർട്ട്
5. വാർഷിക സമ്മേളനങ്ങൾ
6. മറ്റ് ബന്ധപ്പെട്ടവ

**ഹാജർ**

ഡോ. എൻ. മനോജ്, ഡോ. മുഹമ്മദ് റഫീഖ് ടി., ഡോ. ഗീതാനമ്പ്യാർ എം.കെ., സന്തോഷ് ടി. വർഗീസ്, ഡോ. വിനു ഭാസ്കർ, ഡോ. പ്രിൻസ് പി.ആർ., ഡോ. എം.എസ്. മുരളി, രഘുദാസ് പി.വി, ശശി സി.ടി., ഡോ. വിഷ്ണു വി.എസ്., ഡോ. എ. ബാലകൃഷ്ണൻ, ഡോ. ഗായത്രി ദേവി ജി., ഡോ. അജി. പി. എൽ., ഡോ. ആർ. പ്രഗാഷ്, സുശാന്ത് പി., ഡോ. സഞ്ജയ് എസ്., ഡോ. ബേബി ഷീബ സി. പി., സോബിൻ വർഗീസ്, ഡോ. മഞ്ജുള കെ. വി., സജിത്ത് കുമാർ പി., ഡോ.സുനിത ഗണേഷ്, ഡോ. എം. എ. അസ്കർ, ഡോ. മുഹമ്മദ് ബഷീർ ടി., ഡോ. റോസ് നിക്സ് പി.കെ. ഡോ. മാണിക്ക്യരാജ് കെ., ഡോ. റിജുലാൽ ജി., രാജു എം. സി., ഡോ. കെ. റഹീം, ഡോ. മോത്തി ജോർജ്, ഡോ. രഞ്ജിത്ത് മോഹൻ, അനൂപ് ജെ. ആലക്കപ്പള്ളി, ഡോ. സുജ ടി.വി., ഡോ. സുമി ജോയി ഓലിയപ്പുറം, ആൽബർട്ട് ആൻറണി ടി., രജിത സി. ആർ., ഡോ. ഉദയകുമാർ, ഡോ. ദിനേശൻ പി.കെ., ഡോ. ശരത്ത് എസ്., ഡോ. ഷാനവാസ് പി. എച്ച്., ഡോ.ബി.അശോക്, ഡോ. ഷജിലാ ബീവി

ഉച്ചയ്ക്ക് 2 മണിക്ക് എ.കെ.ജി.സി .ടി ഭവനിൽ ചേർന്ന സംസ്ഥാന പ്രവർത്തക സമിതി യോഗത്തിൽ സംസ്ഥാന പ്രസിഡന്റ് ഡോ.എൻ.മനോജ് ആധ്യക്ഷ്യം വഹിച്ചു.സംസ്ഥാന ട്രഷറർ ഡോ.ഗീതാനമ്പ്യാർ എം.കെ അനുശോചന പ്രമേയം അവതരിപ്പിച്ചു.

**അനുശോചനം**

മുൻ തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിഡന്റ് ടി. രാമൻ ഭട്ടതിരിപ്പാട്, പ്രശസ്ത എഴുത്തുകാരി കെ. ബി. ശ്രീദേവി തുടങ്ങിയവരുടെ നിര്യാണത്തിൽ എ.കെ.ജി.സി.ടി സംസ്ഥാന പ്രവർത്തക സമതി യോഗം അനുശോചനം രേഖപ്പെടുത്തുന്നു.

ഇതേ തുടർന്ന് സംസ്ഥാന ജനറൽ സെക്രട്ടറി ഡോ. മുഹമ്മദ് റഫീഖ് ടി. റിപ്പോർട്ട് അവതരിപ്പിച്ചു.

**ജനറൽ സെക്രട്ടറിയുടെ റിപ്പോർട്ട്**

സുഹൃത്തുക്കളേ,

പ്രിൻസിപ്പൽ നിയമനവുമായി ബന്ധപ്പെട്ട കേസ് ഹൈക്കോടതിയുടെ പരിഗണനയിലാണ് ഇതിൽ തീരുമാനം ആയിട്ടില്ല. പ്ലെയ്സ്മെന്റിന് ഇനിമുതൽ വർഷത്തിൽ രണ്ടു തവണ അപേക്ഷ നൽകുവാൻ സാധിക്കും. ഡി.എ. വിഷയത്തിൽ വേണ്ട ഇടപെടൽ നടക്കുന്നു.

ബി. ഓപ്ഷൻ അസോസിയേറ്റ് പ്ലെയ്സ്മെന്റ് ലഭിച്ച അധ്യാപകർക്ക് പേ സ്ലിപ്പ് നൽകുന്നതിൽ എ.ജി ഓഫീസ് വീണ്ടും തടസ്സവാദം ഉന്നയിച്ചിട്ടുണ്ട്. ഈ

വിഷയത്തിൽ സംഘടന വേണ്ട ഇടപെടൽ നടത്തിവരുന്നു. സെമിനാർ നടത്തിപ്പുമായി ബന്ധപ്പെട്ട് കോളേജുകൾ സമർപ്പിച്ച ഒരു ലക്ഷത്തിനുമേൽ വരുന്ന തുകകൾ അനുവദിച്ച് കിട്ടാൻ ആവശ്യമായ ഇടപെടൽ നടത്തും.

അധ്യാപകരുടെ 2024-25 അക്കാദമിക് വർഷത്തെ പൊതു സ്ഥലംമാറ്റം സംബന്ധിച്ച സർക്കുലർ ഇറക്കാനായി വേണ്ട ഇടപെടൽ ഉന്നത വിദ്യാഭ്യാസ വകുപ്പിൽ നടത്തിയിട്ടുണ്ട്.സർവീസ് മേഖലയിലെ ഡി.എ ഉൾപ്പെടെയുള്ള വിവിധ വിഷയങ്ങൾ ഉന്നയിച്ചുകൊണ്ടുള്ള ഇന്നത്തെ സംസ്ഥാനതല സെക്രട്ടറിയേറ്റ് മാർച്ചും ധർണ്ണയും അധ്യാപകരുടെ പങ്കാളിത്തം കൊണ്ട് വൻ വിജയമായിരുന്നു.മാർച്ചിലും ധർണ്ണയിലും നമ്മൾ ഉന്നയിച്ച ആവശ്യങ്ങൾ നേടിയെടുക്കാൻ വേണ്ട തുടർ പ്രവർത്തനം നടത്തുന്നതാണ്. ഫെബ്രുവരി 17ന് എറണാകുളത്ത് നടക്കുന്ന യാത്രയയപ്പ് സമ്മേളനവും, വനിതാ സെമിനാറും വൻ വിജയമാക്കണം.സംസ്ഥാന സമ്മേളനഫണ്ട് സമയബന്ധിതമായി പൂർത്തീകരിക്കണം. ജനുവരി 19, 20, 21 തീയ്യതികളിൽ കാൺപൂരിൽ നടന്ന ഐഫെക്ടോ കോൺഫറൻസിൽ സോണൽ സെക്രട്ടറിയായി സംഘടനയുടെ ജനറൽ സെക്രട്ടറിയെ തിരഞ്ഞെടുത്തു. സംസ്ഥാന സമ്മേളന റിപ്പോർട്ടും വരവു ചെലവു കണക്കും ചർച്ച ചെയ്ത് അംഗീകരിക്കേണ്ടതുണ്ട്.

ജനറൽ സെക്രട്ടറിയുടെ റിപ്പോർട്ടിനെ തുടർന്ന് അജണ്ടകളിമേൽ വിശദമായ ചർച്ച നടന്നു. തുടർന്ന് താഴെ പറയുന്ന തീരുമാനങ്ങളെടുത്തു.

1. സർവ്വീസ് മേഖലയിലെ ഡി.എ ഉൾപ്പെടെയുള്ള വിവിധ വിഷയങ്ങൾ ഉന്നയിച്ചുകൊണ്ട് നടത്തിയ സെക്രട്ടറിയേറ്റ് മാർച്ചിലും ധർണ്ണയിലും നമ്മൾ ഉന്നയിച്ച ആവശ്യങ്ങൾ നേടിയെടുക്കാൻ ആവശ്യമായ തുടർ പ്രവർത്തനങ്ങൾ നടത്തുന്നതാണ്.
2. ഫെബ്രുവരി 17ശനിയാഴ്ച എറണാകുളത്ത് വെച്ച് നടക്കുന്ന യാത്രയയപ്പ് സമ്മേളനം, വനിതാ സെമിനാർ എന്നിവ വൻ വിജയമാക്കണം. ഇതിൽ മറ്റ് ജില്ലകളിൽനിന്നും താഴെ സൂചിപ്പിച്ച പ്രകാരം പങ്കാളിത്തം ഉറപ്പാക്കണം.
   തിരുവനന്തപുരം - 30, കൊല്ലം-10, ആലപ്പുഴ - 10, കോട്ടയം - 15, ഇടുക്കി - 5, തൃശ്ശൂർ - 15, മലപ്പുറം - 10, പാലക്കാട് - 20, കോഴിക്കോട് - 22, കണ്ണൂർ - 10, വയനാട് - 5, കാസർഗോഡ് - 6
3. സംസ്ഥാന സമ്മേളന ഫണ്ട് ഈ മാസം 12നകം പൂർത്തീകരിക്കുവാൻ ആവശ്യമായ പ്രവർത്തനങ്ങൾ യൂണിറ്റുകളിൽ നടത്തണം.
4. സംസ്ഥാന സമ്മേളനത്തിൽ അവതരിപ്പിക്കേണ്ടുന്ന പ്രവർത്തന റിപ്പോർട്ടും വരവ് ചെലവ് കണക്കും അംഗീകരിച്ചു.
5. പതാകദിനം ഫെബ്രുവരി 21 ന് നടത്തണം.
6. സംസ്ഥാന സമ്മേളനത്തോട് അനുബന്ധിച്ചുള്ള ക്രഡൻഷ്യൽ റിപ്പോർട്ട് തയ്യാറാക്കുന്ന ചുമതല സംസ്ഥാന സെക്രട്ടറി ഡോ. പ്രിൻസ് പി ആറിന് നൽകി.
7. കണ്ണൂർ സർവ്വകലാശാലയിൽ FYUGP നടത്തിപ്പുമായി ബന്ധപ്പെട്ട വിഷയങ്ങൾ ചർച്ചയിലൂടെ പരിഹരിക്കണം.

യോഗം 5 മണിക്ക് അവസാനിച്ചു.

അഭിവാദ്യങ്ങളോടെ

തിരുവനന്തപുരം
29-01-2024

ഡോ. മുഹമ്മദ് റഫീഖ് ടി.
ജനറൽ സെക്രട്ടറി